**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4058** **17-03-2025 - ൽ മറുപടിയ്ക്ക്**

**ലീഗൽ മെട്രോളജി ജില്ലാ ഓഫീസിൽ ഡ്രൈവർ കം അറ്റൻഡർ തസ്തികയിലെ ഒഴിവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ ലീഗൽ മെട്രോളജി ജില്ലാ ഓഫീസിൽ ഡ്രൈവർ കം അറ്റൻഡർ തസ്തികയിൽ നിലവിൽ ഒഴിവുണ്ടോ; | (എ) | ലീഗൽമെട്രോളജി കോഴിക്കോട് (ഫ്ലൈയിങ് സ്ക്വാഡ്) ഡെപ്യൂട്ടി കൺട്രോളർ ഓഫീസിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്തിരുന്ന ജീവനക്കാരനെ 07-03-2025ലെ ഉത്തരവ് പ്രകാരം ആലപ്പുഴ ഡെപ്യൂട്ടി കൺട്രോളർ ഓഫീസിലേയ്ക്ക് സ്ഥലംമാറ്റം നൽകി ഉത്തരവായിട്ടുള്ളതാണ്. ജീവനക്കാരനെ പ്രസ്തുത ഓഫീസിൽ നിന്ന് വിടുതൽ ചെയ്യുന്ന മുറയ്ക്ക് ഡ്രൈവർ തസ്തികയിൽ ഒഴിവുണ്ടാകുന്നതാണ്. |
| (ബി) | എങ്കിൽ പ്രസ്തുത ഒഴിവ് പി.എസ്.സി. ക്ക് റിപ്പോട്ട് ചെയ്തിട്ടുണ്ടോ; | (ബി) | ഇല്ല. ജീവനക്കാരനെ പ്രസ്തുത ഓഫീസിൽ നിന്ന് വിടുതൽ ചെയ്യുന്ന മുറയ്ക്ക് മാത്രമേ ഒഴിവ് ഉണ്ടാകുകയുള്ളൂ എന്നതിനാൽ നിലവിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത ഒഴിവ് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ജീവനക്കാരനെ വിടുതൽ ചെയ്യുന്ന മുറയ്ക്കും, 8 വാഹനങ്ങളുടെ 15 വർഷ കാലാവധി ഈ വർഷം അവസാനിക്കുന്നതിനാൽ, വാഹനങ്ങളുടെ ലഭ്യത, വകുപ്പിൽ നിലവിലുള്ള ഡ്രൈവർമാരുടെ ഡ്യൂട്ടി എന്നിവകൂടി പരിഗണിച്ചശേഷം ആവശ്യമെങ്കിൽ ഒഴിവ് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ